## പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

സർവ്വ സ്തുതിയും സർവ്വ ലോക രക്ഷിതാവും പരിപാലകനുമായ അല്ലാഹുവിനാകുന്നു. നബി(സ)യുടേയും കുടുംബത്തിന്റെയും സ്വഹാബത്തിന്റെയും സച്ചരിതരായ പിൻഗാമികളുടേയും മേൽ അല്ലാഹുവിന്റെ കരുണയും രക്ഷയും സമാധാനവും വർഷിക്കുമാറാകട്ടെ.

# ജിന്ന് ബാധയും ചികിത്സയും

## പ്രമാണങ്ങളിലൂടെ



ജിന്നു ബാധയും അതിൽനിന്നും രക്ഷനേടുവാൻ ഒരു മുസ്‌ലിമിനു സ്വീകരിക്കാവുന്ന ചികിത്സാരീതികളും ഈയിടെ കേരളത്തിൽ ധാരാളമായി ചർച്ച ചെയ്യപ്പെട്ടു വരികയാണ്. സത്യത്തിനു നിരക്കാത്തതും വാസ്തവ വിരുദ്ധവുമായ പല പരാമർശങ്ങളും, നിലപാടുകളും ഈ വിഷയത്തിൽ കേരളക്കരയിൽ പ്രചരിക്കുകയാണ്. **മന്ത്രിച്ചുകൊണ്ടും ആവശ്യമെങ്കിൽ ജിന്നിനെ അടിച്ചുകൊണ്ടും പിശാചു ബാധയേറ്റ ആളെ ചികിത്സിക്കുവാൻ ഖുർആനിലോ സുന്നത്തിലോ തെളിവില്ലായെന്ന വാദമാണ് ഇതിൽ പ്രധാനം.** ഈ വാദം തികച്ചും തെറ്റാണെന്നു തെളിയിക്കുവാൻ ഈ വിഷയകമായി പ്രവാചകൻ(സ)യിൽനിന്നും സ്വഹീഹായി ലഭിച്ച ചില ഹദീസുകളിലേക്ക് സത്യാന്വേഷികളുടെ ശ്രദ്ധ ക്ഷണിക്കട്ടെ. അതിനായി പ്രവാചകൻ(സ) നേരിട്ടു ചികിത്സിച്ച രണ്ടു സംഭവങ്ങളും സ്വഹാബി ചികിത്സിച്ച മറ്റൊരു സംഭവവും താഴെ ഉദ്ധരിക്കുകയാണ്.

## സംഭവം ഒന്ന്

ഉസ്മാനുബ്നു അബിൽ ആസ്(റ) പറഞ്ഞു: റസൂൽ(സ) എന്നെ ത്വാഇഫിലേക്ക് (ഗവർണറായി) നിയോഗിച്ചപ്പോൾ എന്തോ ഒരു വസ്തു എന്റെ നമസ്കാരത്തിനിടയിൽ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. അങ്ങിനെ ഞാൻ എന്താണ് നമസ്കരിക്കുന്നതെന്ന് എനിക്ക് അറിയാതാവുന്നതു വരെ, അതു കണ്ടപ്പോൾ ഞാൻ റസൂൽ(സ)യുടെ അടുത്തേക്കു പോയി. അപ്പോൾ റസൂൽ(സ) ചോദിച്ചു: “ഇബ്നു അബിൽ ആസോ?” ഞാൻ പറഞ്ഞു: “അതെ അല്ലാഹുവിന്റെ റസൂലേ” അവിടുന്നു ചോദിച്ചു: “എന്താണു നീ വന്ന കാര്യം?” ഞാൻ പറഞ്ഞു: “അല്ലാഹുവിന്റെ ദൂതരേ! എന്റെ നമസ്കാരവേളയിൽ എന്റെ മുമ്പിൽ എന്തോ പ്രത്യക്ഷപ്പെടുന്നു. അങ്ങിനെ ഞാൻ എത്രയാണ് നമസ്കരിച്ചതെന്നു എനിക്കു തന്നെ അറിയാതാവുന്നു” റസൂൽ(സ) പറഞ്ഞു: “അതു പിശാചാണ്. നീ അടുത്തു വരൂ” അപ്പോൾ ഞാൻ നബി(സ)യുടെ അടുത്തേക്കു ചെന്നു. എന്റെ രണ്ടു പാദങ്ങളുടേയും മുൻഭാഗത്തിലൂന്നി ഞാൻ ഇരുന്നു. അദ്ദേഹം പറയുന്നു: അങ്ങിനെ നബി(സ) തന്റെ കൈ കൊണ്ടു എന്റെ നെഞ്ചിൽ അടിച്ചു. എന്റെ വായിലേക്കു അൽപ്പം തുപ്പൽ തെറിക്കുന്ന തരത്തിൽ അവിടുന്നു ഊതി. എന്നിട്ടു പറഞ്ഞു: “അല്ലാഹുവിന്റെ ശത്രുവേ! (നീ ഇയാളുടെ നെഞ്ചിൽ നിന്നും) പുറത്തു പോ” അപ്രകാരം മൂന്നു തവണ ചെയ്തു. പിന്നീടു പറഞ്ഞു: “നീ നിന്റെ ജോലിയിൽ തന്നെ ചേർന്നു കൊള്ളുക”. ഉസ്മാനുബ്നു അബിൽ ആസ് പറയുന്നു. “പിന്നീടു (ഇന്നുവരെ) അത് എന്നെ ബാധിച്ചതായി ഞാൻ ഓർക്കുന്നില്ല. [ഇബ്നുമാജ 3548 (ശൈഖ് നാസ്വിറുദ്ദീൻ അൽബാനി(റഹി) അദ്ദേഹത്തിന്റെ സ്വഹീഹ് സുനൻ ഇബ്നു മാജയിൽ ഈ ഹദീസ് സ്വഹീഹായി രേഖപ്പെടുത്തിയിരിക്കുന്നു (സ്വഹീഹ് സുനൻ ഇബ്നു മാജ ഹദീസ് നമ്പർ 2858 / സിൽസിലത്തുസ്സ്വഹീഹ ഹദീസ് നമ്പർ 2918)].

## സംഭവം രണ്ട്

യഅ്‌ലബ്നു മുർറ പറഞ്ഞു: ഞാൻ റസൂലുല്ലാഹി(സ)യിൽ നിന്നും മൂന്നു കാര്യങ്ങൾ കണ്ടിട്ടുണ്ട്. എനിക്കു മുമ്പ് ആരും അതു കണ്ടിട്ടില്ല. എനിക്കു ശേഷം ഒരാളും അതു കാണുകയുമില്ല. ഞാൻ നബി(സ)യുടെ കൂടെ ഒരു യാത്രയിൽ പുറപ്പെട്ടു പോയി. വഴിമദ്ധ്യേ കുറച്ചങ്ങോട്ട് എത്തിയപ്പോൾ ഒരു കുട്ടിയുമായി ഇരിക്കുന്ന ഒരു സ്ത്രീയുടെ അടുത്തുകൂടെ ഞങ്ങൾ കടന്നു പോയി. അപ്പോൾ ആ സ്ത്രീ പറഞ്ഞു: “അല്ലാഹുവിന്റെ റസൂലേ! എന്റെ ഈ കുട്ടിക്കു വിപത്തു ബാധിച്ചിട്ടുണ്ട്. അവൻ മുഖേന ഞങ്ങൾക്കും വിപത്ത് ബാധിച്ചിട്ടുണ്ട്. ഒരു ദിവസം തന്നെ പല തവണ അവനെ അത് പിടികൂടുന്നുണ്ട്” (ഈ സംഭവം വിവരിക്കുന്ന ഹാകിമിന്റെ മറ്റൊരു റിപ്പോർട്ടിൽ “എന്റെ ഈ മകനു ഏഴ് വർഷമായി ബാധയുണ്ട്. എല്ലാ ദിവസവും രണ്ടു തവണ അവനെയതു പിടികൂടുന്നു” എന്നാണുള്ളത്) (ഇതു കേട്ടപ്പോൾ) നബി(സ) ആ

സ്ത്രീയോടു പറഞ്ഞു: "നിങ്ങൾ കുട്ടിയെ ഇങ്ങോട്ടു തരൂ" അപ്പോൾ ആ സ്ത്രീ കുട്ടിയെ നബി(സ്വ)യുടെ അടുത്തേക്കു ഉയർത്തിക്കൊടുത്തു. അപ്പോൾ നബി(സ്വ) കുട്ടിയെ തന്റെയും ഒട്ടകക്കട്ടിലിന്റെ മുൻഭാഗത്തിന്റെയും ഇടക്കു വെച്ചു. പിന്നെ കുട്ടിയുടെ വായ തുറന്ന് മൂന്നു തവണ ബിസ്മില്ലാഹ്, ഞാൻ അല്ലാഹുവിന്റെ അടിമയാണ്. അല്ലാഹുവിന്റെ ശത്രൂ നീ ദൂരെ പോ....... എന്നു പറഞ്ഞു കൊണ്ട് വായിലേക്ക് അൽപ്പം ഉമിനീർ കലർത്തിക്കൊണ്ട് ഊതി. എന്നിട്ട് കുട്ടിയെ ആ സ്ത്രീക്കു തന്നെ തിരികെക്കൊടുത്ത് കൊണ്ട് ഇപ്രകാരം പറഞ്ഞു: "ഞങ്ങൾ മടങ്ങി വരുമ്പോൾ ഇവിടെ വെച്ച് ഞങ്ങളെ കാണുകയും കുട്ടിയുടെ വിവരം പറയുകയും വേണം". യഅ്ല തുടരുന്നു. "അങ്ങനെ ഞങ്ങൾ പോയി. മടങ്ങി വന്നപ്പോൾ അതേ സ്ഥലത്ത് മൂന്ന് ആടുകളുമായി ആ സ്ത്രീയെ ഞങ്ങൾ കണ്ടു. അപ്പോൾ നബി(സ്വ) ആ സ്ത്രീയോടു ചോദിച്ചു."നിങ്ങളുടെ കുട്ടിക്ക് എങ്ങനെയുണ്ട്?" അവർ പറഞ്ഞു; "അങ്ങയെ സത്യസമേതം അയച്ച അല്ലാഹുവാണ സത്യം! പിന്നെ ഈ സമയം വരെ ഒരു വിഷമവും കുട്ടിയിൽ നിന്ന് ഞങ്ങൾക്കുണ്ടായിട്ടില്ല. അതിനാൽ ഈ ആടുകളെ പാരിതോഷികമായി താങ്കൾ സ്വീകരിച്ചാലും!" നബി (സ്വ) എന്നോട് (യഅ്ല(റ)യോട്) പറഞ്ഞു. "നീ ഇറങ്ങിച്ചെന്ന് ഒരാടിനെ വാങ്ങി ബാക്കിയുള്ളവ തിരിച്ചു നൽകുക." [മുസ്വന്നഫ് ഇബ്നു അബീ ശൈബ 7/435, മുസ്നദ് അഹമദ് 4/170 (ശൈഖ് നാസ്വിറുദ്ദീൻ അൽബാനി(റഹി) അദ്ദേഹത്തിന്റെ സിൽസിലത്തുസ്സ്വഹീഹയിൽ ഈ ഹദീസ് സ്വഹീഹായി രേഖപ്പെടുത്തിയിരിക്കുന്നു (സിൽസിലത്തുസ്സ്വഹീഹ ഹദീസ് നമ്പർ 485) / മുസ്നദ് അഹ്മദിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഈ ഹദീസിനെ ശൈഖ് അബ്ദുൽ കാദിർ അൽ അർനഊത്(റഹി) അദ്ദേഹത്തിന്റെ പതിപ്പായ ഇബ്നുൽ കയ്യിമിന്റെ സാദ് അൽ മആദിൽ പ്രബലമാക്കിയിരിക്കുന്നു]

## **<u>സംഭവം മൂന്ന്</u>** (സ്വഹാബിയിൽ നിന്നും)

ഖാരിജത്ബിൻ അസ്സ്വൽത്തുത്തമീമി തന്റെ പിതൃവ്യനിൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഞങ്ങൾ റസൂൽ(സ്വ)യുടെ അടുക്കൽ നിന്നും മടങ്ങിപ്പോരുമ്പോൾ ഒരു ഗോത്രക്കാരുടെ അടുക്കലെത്തി. അപ്പോൾ അവർ പറഞ്ഞു: "നിങ്ങൾ ആ മനുഷ്യന്റെ (നബി(സ്വ)യുടെ) അടുക്കൽ നിന്നും നന്മകളുമായി വരികയാണെന്ന് ഞങ്ങൾക്കറിയാം. നിങ്ങളുടെ അടുക്കൽ വല്ല മരുന്നോ മന്ത്രമോ ഉണ്ടോ? എന്തെന്നാൽ ഞങ്ങളുടെ അടുക്കൽ ചങ്ങലയിൽ ബന്ധിക്കപ്പെട്ട ഒരു ഭ്രാന്തനുണ്ട്." ഞങ്ങൾ പറഞ്ഞു: ഉണ്ട്. അപ്പോൾ അവർ ചങ്ങലക്കിട്ട ആ ഭ്രാന്തനെ കൊണ്ടു വന്നു. അദ്ദേഹം പറയുന്നു (ഖാരിജയുടെ പിതൃവ്യൻ) "ഞാൻ ആ രോഗിയുടെ മേൽ മൂന്നു ദിവസം രാവിലേയും വൈകുന്നേരവും ഫാതിഹ ഓതി (മന്ത്രിച്ചു). ഓരോ തവണ ഫാതിഹ ഓതിത്തീരുമ്പോഴും ഞാൻ എന്റെ ഉമിനീർ ഒരുമിച്ചുകൂട്ടുകയും പിന്നെ അൽപ്പം തുപ്പൽ തെറുപ്പിച്ചു കൊണ്ട് (രോഗിയെ) ഊതുകയും ചെയ്യും" അദ്ദേഹം പറയുന്നു. അങ്ങനെ അയാൾ ഊരാക്കുടുക്കിൽ നിന്നും മോചനം നേടിയ പോലെയായി. (അഥവാ രോഗം സുഖപ്പെട്ടു). അദ്ദേഹം പറയുന്നു: അങ്ങനെ അവർ എനിക്ക് പാരിതോഷികം നൽകി. അപ്പോൾ ഞാൻ പറഞ്ഞു: "ഇല്ല, റസൂൽ(സ്വ)യോട് ഞാൻ ചോദിക്കുന്നതു വരെ (ഞാനതു വാങ്ങുകയില്ല)." (അങ്ങനെ ഞാൻ ചോദിച്ചു). അപ്പോൾ അവിടുന്ന് പറഞ്ഞു: "ജനങ്ങളിൽ തെറ്റായ മന്ത്രം കൊണ്ടു തിന്നുന്നവരുണ്ട് (അതിന്റെ കുറ്റം അവർക്കാണ്). എന്നാൽ താങ്കൾ തിന്നുന്നതാകട്ടെ ശരിയായ മന്ത്രം കൊണ്ടാകുന്നു. (അതിനാൽ താങ്കളുടെ മേൽ കുറ്റമില്ല)". [അബൂദാവൂദ് 3901 (ശൈഖ് നാസ്വിറുദ്ദീൻ അൽബാനി(റഹി) അദ്ദേഹത്തിന്റെ സ്വഹീഹ് സുനൻ അബീ ദാവൂദിൽ ഈ ഹദീസ് സ്വഹീഹായി രേഖപ്പെടുത്തിയിരിക്കുന്നു (സ്വഹീഹ് സുനൻ അബീ ദാവൂദ് ഹദീസ് നമ്പർ 3297)]

മേൽ ഉദ്ധരിച്ചിട്ടുള്ള സംഭവങ്ങൾക്കു പുറമെ ലോകപ്രശസ്തി നേടിയ സ്വലഫീ പണ്ഡിതന്മാരായ ഇബ്നുതയ്മിയ(റഹി), ഇബ്നുബാസ്(റഹി) പോലുള്ളവർ മേൽ പറഞ്ഞ രീതിയിൽ ചികിത്സിച്ചതായിട്ടുള്ള സംഭവങ്ങൾ ലോകമെമ്പാടുമുള്ള സ്വലഫികൾക്കിടയിൽ പ്രസിദ്ധമാണ്. [മേൽ പറഞ്ഞ സംഭവങ്ങൾ ഇബ്നുൽ കയ്യിമിന്റെ സാദ് അൽ മആദിലും 18-8-1987ൽ സൗദി അറേബിയയിൽ പ്രസിദ്ധീകരിച്ച അൽ മുജ്തമഅ് മാസികയിലും കാണാം]

ആകയാൽ ജിന്ന് പിശാച് വിഷയത്തിൽ ബഹുമാന്യരായ കേരള സ്വലഫീ പണ്ഡിതന്മാരും, പ്രിയപ്പെട്ട സഹപ്രവർത്തകരും വിദ്യാർത്ഥികളും അവരുടെ നിലപാട് പരമകാരുണികനായ റബ്ബിനെ ഭയപ്പെട്ടുകൊണ്ട് പുനഃപരിശോധിക്കുകയും തിരുത്തുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

അല്ലാഹു നമ്മെ ഏവരേയും സത്യത്തിലേക്ക് നയിക്കുമാറാവട്ടെ - ആമീൻ.

ഇൻശാ അല്ലാഹ് തുടരും...

മുഹമ്മദ് ജുനൈദ് ഇബ്നു അബ്ദില്ല

അല്ലാഹുവിന്റെ ദാസൻ